# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : T5447**

## കൊച്ചി മംഗലാപുരം പ്രകൃതി വാതക പൈപ്പ്‌ലൈൻ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ. കെ.കെ.നാരായണൻ<br>ശ്രീ. കെ.ദാസൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | കൊച്ചി-മംഗലാപുരം പ്രകൃതി വാതക പൈപ്പ്‌ലൈൻപദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായ ആശങ്ക ദുരീകരിക്കുന്നതിനും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | വാതക പൈപ്പ്‌ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്ക ദുരീകരിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. ഭൂവുടമകൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നഷ്ട പരിഹാരം നൽകുവാൻ ഗെയിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. |
| (ബി) | ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കി ലൈൻ സ്ഥാപിക്കുന്നതിനായി ശ്രമിക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വിശദമാക്കാമോ? | (ബി) | ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായി ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് അപ്രായോഗികമാണ്. എങ്കിലും ഇതിനു വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി 28/05/2014 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട അവലോകന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് ഭരണ കാലംതൊട്ട് നിലവിലുണ്ടായിരുന്നതും ഇപ്പോൾ ഉപയോഗശൂന്യമായി നിലനിൽക്കുന്നതുമായ കനൗലി കനാൽ പോലുള്ള കനാലുകളിലൂടെ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഉന്നതതല കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ